വിഷയം : വേഗത്തിൽ നീങ്ങുന്ന

മാറ്റിനിർത്തപ്പെട്ട ചെടികാരസൂചി.

## ശവനാറിച്ചെടികൾ

ഇരവൻപാടിയിൽ നിന്നും അനന്തപുരം റാവ. സ്കൂളിലേക്കുള്ള, ശവനാറിച്ചെടികളും തൊട്ടാവാടിയും നിറഞ്ഞുനിൽക്കുന്ന വഴിയിൽ, വലതു കാൽ മുന്നോട്ടു വെച്ച് ഇടതു കാൽ പിറകോട്ടുവെച്ച് നൂറു മീറ്ററിന്റെ, ഹാർഡിൽസ്സും കൂടിയുള്ള ഓട്ടമത്സരത്തിനെന്ന പോലെ അവൾ നിന്നു. അന്നേരം അവളുടെ മറിഞ്ഞ ചെവികളിൽ ഒരു ചൂടുകാറ്റ് ഓടി വന്ന് ഉമ്മകൊടുത്തു. പുസ്തകങ്ങളുള്ള വലിയ ബാഗിന്റെ കനം ഒപ്പം ഓടി. അവൾ മുന്നോട്ടു കുതിച്ചു. പുറകിൽ നിന്ന് അമ്മ വിളിച്ചു പറഞ്ഞു "മാർത്തു... വീഴരുത്ട്ടാ." അവൾ പുറകോട്ടു നോക്കി, അമ്മയെ കണ്ണിറുക്കി കാട്ടി. ഇടക്കുവെച്ച് ആൽമരത്തിന്റെ ഭീമൻ ചില്ലകളിലൂന്ന് അണ്ണാൻ കുഞ്ഞുങ്ങൾ കൈയടിക്കുന്നത് അവൾ കേട്ടു. അതാ... എത്തിക്കഴിഞ്ഞു! ആദ്യത്തേതും അവസാനത്തേതുമായ ഹാർഡിൽ. അതൊരു മതിലായിരുന്നു. പത്തടിയോളം ഉയരം വരുന്ന

മതിൽ. കരയൻവാടി ജനങ്ങൾക്ക് ആ മതില് ചാടിക്കടക്കുകയല്ലാതെ പുറത്തേക്ക് പോകാൻ മറ്റൊരു വഴിയില്ലായിരുന്നു. കരയൻവാടിയിലെ ദളിത് ജനങ്ങളെ അകറ്റിനിർത്താൻ രാമൻ നായർ എന്ന പൂജാരി ആവേശപൂർവ്വം കെട്ടി-പൊക്കിയതാണ് ഈ മതിൽ. അയാൾ അതിനെ ജാതി മതിൽ എന്ന് ഓമനപ്പേരിട്ടു വിളിച്ചു.

ജാതി മതിലിനടുത്തെത്തുമ്പോൾ അവളുടെ കാലുകൾക്ക് ചെറിയൊരു വിറയൽ അനുഭവപ്പെട്ടു. അവൾ കണ്ണുകൾ ഇറുക്കിയടച്ചു. അണ്ണാൻ കുഞ്ഞ് അവൾ നെഞ്ചിടിപ്പോടെ നോക്കി നിന്നു. ചുടുകാറ്റ് അവൾ ചാടുന്നത് കാണാൻ ഉത്സാഹത്തോടുകൂടെ ഇലകളിൽ തങ്ങിനിന്നു. ആ... കൈകൾ രണ്ടും മേലോട്ടുയർത്തി, വലിയ മതിലിന്റെ ഒത്ത മുകളിലേക്ക് കുതിച്ചു ചാടി. അടക്കാ മരങ്ങളും അണ്ണാൻ കുഞ്ഞുങ്ങളും കൈകൾ കൊട്ടി നൃത്തം ചെയ്തു, മഞ്ഞു സുന്ദരികളും, നല്ല സുഗന്ധവുമുള്ള ചെടികളിൽ നിന്നും മാറി നിർത്തപ്പെട്ട ശവംനാറി ചെടികൾ കണ്ണുനിറഞ്ഞ് അവളെ പ്രോത്സാഹിപ്പിച്ചു.

ഓട്ട മത്സരം വിജയിച്ച സന്തോഷത്തിൽ അവൾ ക്ലാസ് മുറിയിലേക്ക് കയറി. ദേവി ടീച്ചറുടെ കണക്കു പുസ്തകത്തിലെ 'ഇക്വേഷൻ ഓഫ് സർക്കിൾ' കറുത്ത ബോർഡിൽ കയറി ഇരിപ്പുണ്ട്. പക്ഷെ ടേബിളിൽ ഇരിക്കുന്ന കണക്കു പരീക്ഷയുടെ ഉത്തരക്കടലാസിലാണ് കീർത്തുവിന്റെ കണ്ണുവന്നു പതിച്ചത്. വലിയ പ്രതീക്ഷയോടെ ക്ലാസിലെ പുറകിലെ ബെഞ്ചിൽ പോയി ഇരിക്കുമ്പോൾ തൊട്ടിപ്പുറത്തെ ശാന്തനുവിന്റെ കൈകൾ വിറക്കുന്നുണ്ട്. ശാന്തനു സ്വകാര്യമായി കീർത്തുവിന്റെ ചെവിയിൽ പറഞ്ഞു. "നിനക്കു നല്ല മാർക്കുണ്ടാകും അല്ലേ?" കീർത്തു വെയിലേറ്റു തിളങ്ങുന്ന കൈകൾ ശാന്തനുവിന്റെ തോളിൽ വെച്ചുകൊണ്ട് പറഞ്ഞു. "നിനക്കും നല്ല മാർക്കുണ്ടാകും" ദേവി ടീച്ചറുടെ കണ്ണുകൾ ചുവന്നിരുന്നു. വെളുത്ത തുടുത്ത മുഖത്ത് ചന്ദന കുറി കുട്ടികളെയെല്ലാം ഉറ്റുനോക്കുന്നുണ്ട്. ഉത്തര കടലാസുകൾ എടുത്ത് ടീച്ചർ പേരുകൾ വിളിച്ചു. "നന്ദന വാര്യർ. . .
~~4 ക~~ നാൽപത്തിയഞ്ച്"

"സുമിത്ര മേനോൻ . . . പതിനൊന്ന് . "
ടീച്ചർ സുമിത്രയുടെ കണ്ണുകളിലേക്ക് ഉറ്റുനോക്കി -
ക്കൊണ്ട് പറഞ്ഞു. "അടുത്ത പരീക്ഷയിൽ നല്ല മാർക്ക്
വാങ്ങണം കേട്ടോ.." വാത്സല്യം നിറഞ്ഞ ആ..
ചുണ്ടുകൾ കുട്ടികളിൽ ആത്മവിശ്വാസം വളർത്തി.

സാവധാനം ടീച്ചർ കീർത്തുവിനെ വിളിച്ചു.
"കീർത്തു . . ഇരുപത്" ക്ലാസ് മുറിയിലേക്ക്
എത്തിവലിഞ്ഞു നിൽക്കുന്ന ലൂബിക്ക മരം അപ്പോൾ
കാറ്റിൽ ആടിയുലയുന്നുണ്ട്. കീർത്തു ഒന്നും മിണ്ടാതെ
പേപ്പർ വാങ്ങി ബെഞ്ചിൽ തല ചായ്ച്ചു കിടന്നു.
ശാന്തനുവിന് ഇരുപത്തിയൊന്ന് മാർക്ക്.

ശാന്തനുവിന്റെയും കീർത്തുവിന്റെയും മാതാപിതാക്കൾ
കരയൻവാടിയിലെ സമരനേതാക്കളായിരുന്നു.
ജാതി മതിൽ പണിയുമ്പോൾ ദളിത് ജനങ്ങൾക്കു വേണ്ടി
സമരം ചെയ്തെങ്കിലും മതിൽ മുദ്രാവാക്യങ്ങളെ
ചവിട്ടിക്കൊണ്ട് ഉയർന്നുപൊങ്ങി. മതിലിന്റെ
എതിർവശത്തു ഉയരം കൂടിയ ബംഗ്ലാവ് ദേവി
ടീച്ചറുടേതാണ്.

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 950 Participant Code: 325

തങ്ങൾക്കു രണ്ടുപേർക്കും ഒരിക്കലും മറക്കു കൂടി കിട്ടുകയില്ലെന്ന് കാർത്തുവിന് നന്നായി തിരിയുമായിരുന്നു. ഇരുവരുടെയും ഉത്തരപേപ്പറിന്റെയും മറ്റു കുട്ടികളുടെ പേപ്പറിന്റെയും ഒത്ത നടുവിലും ഒരു മതിൽ ഉണ്ടായിരുന്നു.

ഇനിയും പരീക്ഷകൾ ഉണ്ടെന്ന് മനസ്സിൽ പറഞ്ഞ് തങ്ങളിൽ നിന്ന് അകന്നു നടക്കുന്ന കുട്ടികളെ ശ്രദ്ധിക്കാതെ ശന്തനുവും കാർത്തുവും വരാന്തയിൽ നടന്നു. ലൂബിക്ക മരത്തിലെ ലൂബിക്ക പെറുക്കാൻ ആശയമുണ്ടെങ്കിലും, നന്ദഗോപൻ മാഷിന്റെ ചൂരലിനെ ഭയപ്പെട്ടതുകൊണ്ട് കാർത്തു അതിനു തുനിഞ്ഞില്ല. അപ്പോഴാണ് നോട്ടീസ് ബോർഡിൽ കായികോത്സവത്തിന്റെ വലിയ പോസ്റ്റർ കാർത്തുവിനെ കണ്ണുകാട്ടി വിളിച്ചത്. അവൾ ആകാംക്ഷയോടെ അതു വായിച്ചു. "നൂറു മീറ്റർ, ഓട്ടം ഹാർഡിൽസ്" ശന്തനുവിന്റെ കൈകൾ വിടാതെ അവൾ ഓഫീസ് മുറിയിലേക്ക് നടന്നു.

ശന്തനു ചോദിച്ചു "കാർത്തൂ.. നിനക്ക് തോന്നുന്നുണ്ടോ.. സാർ നിന്നെ പങ്കെടുക്കാൻ സമ്മതിക്കുമെന്ന്

ആർത്തു കറുത്ത മുഖത്തെ പുരികം ചുളിച്ച് ചോദിച്ചു "പിന്നെയെന്തിനാ ആ പോസ്റ്റർ അവിടെ ഒട്ടിച്ചത്. എല്ലാവർക്കും പങ്കെടുക്കാനല്ലേ?" ശാന്തി പിന്നെയൊന്നും പറഞ്ഞില്ല. അവൾ ആർത്തുവിന്റെ കൈകൾ മുറുകെ പിടിക്കുക മാത്രം ചെയ്തു. ഓഫീസ് മുറിയിലെ കറങ്ങുന്ന കസേരയിൽ നാരായണൻ സാർ കാലുകൾ ടേബിളിൽ കയറ്റിവച്ച് ലൂബിക്ക തിന്നുന്നു. ആർത്തുവിനെ കണ്ടപ്പോൾ മഞ്ഞപല്ലുകൾ കാട്ടി ചിരിച്ചുകൊണ്ട് അയാൾ ചോദിച്ചു. "ലൂബിക്ക വേണോ നിനക്ക്" തന്നെ കളിയാക്കിക്കൊണ്ട് ചോദിക്കുന്നത് പോലെ തോന്നിയപ്പോൾ അവൾ, കൊതിയുണ്ടെങ്കിലും വേണ്ടെന്നു പറഞ്ഞു. പക്ഷെ ശാന്തി ഒരായിരം വട്ടം വേണമെന്ന് മനസ്സിൽ വിളിച്ചു പറയുന്നുണ്ടായിരുന്നു.

"പിന്നെന്താ..?" അയാൾ ലൂബിക്ക ചവച്ചു പറഞ്ഞു.

"എനിക്ക് ഓട്ട മത്സരത്തിൽ പങ്കെടുക്കണം സാറെ.."

"അതിനെന്താ... ദാ... ഇവിടെനിന്ന് ദേവിടീച്ചറുടെ ഓഫീസ് മുറിയിലേക്ക് മത്സരം വെച്ച് നിങ്ങൾ രണ്ടു പേരും ഇപ്പൊഴേ.. ഓടിക്കോളൂ.."

മുഖത്തടിച്ച മറുപടി കേട്ട് ശിലയായതുകൊണ്ട്
ആർത്തുവിന് അത്ഭുതമൊന്നും തോന്നിയില്ല.
ഇരുവരും അപമാനിതരായി, നേരെ ചിത്ര ടീച്ചറുടെ
ക്ലാസ്മുറിയിലേക്ക് നടന്നു. ശാന്തി അപ്പോൾ
തങ്ങൾക്ക് കിട്ടിയ, വാക്കുകൊണ്ടുള്ള അടിയുടെ
ആഘാതമേറ്റ്, വിഷമത്തിൽ പറഞ്ഞു " ഞാൻ
പറഞ്ഞതല്ലേ." ആർത്തു ഒന്നും മിണ്ടിയില്ല.
ചിത്ര ടീച്ചറാണ് ആർത്തുവിന് മലയാളം പഠിപ്പിച്ചു
അക്ഷരങ്ങൾ.
കൊടുത്തിരുന്നത്. മലയാളം ടീച്ചറുടെ ചുണ്ടുകളിലൂടെയും
കണ്ണുകളിലും ഒഴുകി നടക്കുന്നത് ഒരിക്കൽ
ആർത്തു സ്വപ്നം കണ്ടിട്ടുണ്ട്. ടീച്ചറെ കണ്ട്
ആർത്തു ഓട്ട മത്സരത്തിൽ പങ്കെടുക്കണമെന്നു
പറഞ്ഞു. ആദ്യമൊന്നു പിടഞ്ഞെങ്കിലും
സ്നേഹത്തിന്റെ മതിലുകളില്ലാത്ത മനസ്സുള്ള
ചിത്ര ടീച്ചർ നന്ദഗോപൻ മാഷെ വകവയ്ക്കാതെ
ആർത്തുവിന്റെ പേര് മത്സരത്തിനെഴുതി.
ശാന്തി ഓട്ടമത്സരത്തിൽ താൽപര്യമില്ലാത്തവളായിരുന്നു.
അവൾ എപ്പോഴും ചിത്രവരയിൽ സന്തോഷം
കണ്ടെത്തി. പക്ഷേ അവൾ വരച്ച ചിത്രങ്ങൾ

പുറം ലോകം കണ്ടില്ല. നന്ദഗോപൻ മാഷിന്റെയും ദേവി നമ്പൂതിരി എന്ന ദേവി ടീച്ചറുടെ അഭിപ്രായ വ്യത്യാസം ഉണ്ടായിട്ടും കാർത്തുവിനെ ചിത്ര ടീച്ചറുടെ ആവശ്യത്താൽ 'നൂറു മീറ്റർ, ഓട്ടം ഹാർഡിൽസ്" മത്സരത്തിൽ പേരുകൊടുത്തു.

"വരുന്ന പതിനാറാം തിയതി തയ്യാറായി വരൂ.."

ചിത്ര ടീച്ചർ കാർത്തുവിന്റെ തോളിൽ കൈകൾ തട്ടിക്കൊണ്ട് പ്രോത്സാഹിപ്പിച്ചു.

രാത്രി ഇരുട്ട് നിറഞ്ഞ കുടിലിന്റെ ~~ഛ ഛ~~ പുറത്ത് ശവനാറിച്ചെടികൾ കാറ്റിൽ ഉലവില കൂടി സംസാരിക്കുന്നത് കേൾക്കാമായിരുന്നു. ആതി മതിലിനപ്പുറത്തെ വീട്ടിൽ, ദേവി ടീച്ചറുടെ മൂത്ത മകൾ, കാർത്തുവിന്റെ ചെറിയ കുടിലിലേക്ക് ഒന്ന് നോക്കിയിട്ട് മയങ്ങി പോയി. കരയൻപാടിയിലെ ജനങ്ങൾ കലണ്ടറിലെ പതിനാറാം തിയതിലേക്ക് കണ്ണും നട്ട് കിടന്നു.. അവർ എല്ലാം തങ്ങളുടെ കാർത്തുവിന്റെ ഓട്ട മത്സരത്തിനു വേണ്ടിയും, അവളുടെ വിജയത്തിനു വേണ്ടിയും ഉള്ളുരുകുന്ന് ആഗ്രഹിച്ചു.

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 950 Participant Code: 325

പതിനാറാം തീയതി. സ്കൂൾ ഗ്രൗണ്ടിൽ
കരയൻ പാടിയിലെ ജനങ്ങൾ മതിലു ചാടി വന്ന്
ഓട്ട മത്സരം കാണാൻ തയ്യാറായി. ശാന്തനു
ആൾക്കൂട്ടത്തിനിടയിൽ നിന്ന് കാലുകൾ ഉയർത്തി
എത്തി നോക്കി. നന്ദഗോപൻ സാറും ദേവി ടീച്ചറും
തങ്ങൾ കൊണ്ടുവന്ന കുട്ടികളെ ട്രാക്കിൽ നിർത്തി.
കാർത്തുവിന്റെ നെഞ്ഞുതിർന്ന, കടം വേടിച്ച ബൂട്ട്
മറ്റു കുട്ടികൾ ശ്രദ്ധിച്ചു. ചിന്ത ടീച്ചർ കാർത്തുവിന്റെ
തലയിൽ കൈവച്ച് ട്രാക്കിൽ നിന്നും മാറിക്കൊടുത്തു.
ആൽമരത്തിൽ നിന്നും അണ്ണാൻ കുഞ്ഞുങ്ങൾ
കൈകൊട്ടി ആരംഭിച്ചു. ശവനാറിച്ചെടികൾ കണ്ണും
നട്ട് കാത്തിരുന്നു. വിസിൽ ഉറക്കെ ഒച്ചവെച്ചതും
കാർത്തുവും മറ്റു കുട്ടികളും ഓടി. . അവരുടെ
കറുത്ത കാലുകൾ സൂര്യ കിരണത്താൽ മൂർച്ചയുള്ള
കത്തി പോലെ തിളങ്ങി. പെട്ടെന്ന് . . . അവരുടെ
ഹൃദയം വിറച്ചു. അതാ . . ഹാർഡിൽ . . .
അവൾ സൂക്ഷിച്ചു നോക്കി . . . അല്ല!
ജാതി മതിൽ. അവരുടെ ഓട്ടത്തിന്റെ വേഗത
കൂടി. അവൾ കണ്ണുകൾ ഇറുക്കിയടച്ചു.

"അവൾ സ്വയം ചോദിച്ചു. തന്നെക്കാൾ വേഗത്തിൽ ഓടുന്ന ജീവിതത്തിൽ, തന്നെക്കാൾ വേഗത്തിൽ ഓടുന്ന കാലങ്ങളിൽ ഇനിയും എത്ര ജാതി മരങ്ങൾ ചാടിക്കടക്കേണ്ടി വരും.

ഹാർഡിൽ അടുത്തെത്തി കൈകൾ രണ്ടും ഉയർത്തി അവൾ ആകാശത്തേക്ക് കുതിച്ചു. അയൺബാടികളപ്പോൾ ആകാശത്തേക്കു നോക്കി. കഴിഞ്ഞു. അവൾ മതിൽ ചാടി കടന്നു. താൻ ഒന്നാംസ്ഥാനം നേടിയെന്ന് അവൾ ഉറപ്പു വരുത്തി. അയൺ ബാടിലെ യിലെ മാറ്റിനിർത്തപ്പെട്ട ശവപ്പെട്ടികൾ വിജയ പതാകകൾ ആയി. ശാന്തനു ആദ്യമായി ഉറക്കെ ചിരിച്ചുകൊണ്ട്, കാർത്തുവിനരികിലെത്തി. വേണുഗോപൻ സാറും ദേവി ടീച്ചറും എങ്ങോ മറഞ്ഞു പോയി. കാർത്തു കിതച്ചുകൊണ്ട് അനങ്ങാതെ നിന്നു. അവൾ സ്വയം പറഞ്ഞു. ഇനിയും എത്രയെത്ര ജാതി മതിലുകൾ ഞാൻ ചാടിക്കടക്കണം. ഇനിയും എത്രവേഗത്തിൽ ഞാൻ ഓടണം.